DESPATCHED
On. 10/06/2020

28/02/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 817*(2)/2017*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 3766/*എസ്.ഐ.സി-ജി 6/2017*)

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.ശിവകുമാർ എം.പി,
ചാമുണ്ഡീദേവി ഫയർവർക്സ്,
പൂഴിക്കുന്ന്, നേമം, തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വിജിലൻസ് ഓഫീസറുടെ കാര്യാലയം,
വാണിജ്യ നികുതി വകുപ്പ്,
നെയ്യാറ്റിൻകര.

2. അപ്പീൽ അധികാരി,
ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) കാര്യാലയം,
വാണിജ്യ നികുതി വകുപ്പ്, ടാക്സ് ടവർ, ഒന്നാംനില,
കരമന, തിരുവനന്തപുരം .

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.12.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 03.01.2017 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 19.01.2017 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 18.02.2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 16.03.2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 21.03.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 29.01.2020 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ശിവകുമാർ എം.പി, 16.03.2017 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം പൂർണ്ണമായി ലഭ്യമായില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 22.12.2016 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് താഴെപറയുന്ന വിവരങ്ങളായിരുന്നു:

I. OR.462/16-17 നമ്പർ കേസ് സംബന്ധമായി ടിയാൻ ഹാജരാക്കിയ രണ്ടു ഇൻവോയിസുകളിൽ ഓരോന്ന് പ്രകാരവും എത്ര രൂപയ്ക്കു വീതമാണ് പർച്ചയിസ് നടത്തിയിരിക്കുന്നത്.

II. ടി ഇൻവോയിസുകൾ പ്രകാരം സി.എസ്.ടി, ബില്ലിൽ നിന്നും കുറവു ചെയ്തിരുന്നുവോ?

III. ടിയാൻ ലോറി മുഖാന്തിരം കൊണ്ടുവന്ന ടി കൺസയിൻമെന്റിന് മുൻകൂട്ടി ടിയാൻ അഡ്വാൻസ് ടാക്സ് അടച്ചിരുന്നുവോ?

IV. എസ്.ഡി.കളക്റ്റ് സെയ്യുന്നതിന് വേണ്ടി നടത്തിയ കാൽകുലേഷന്റെ ബ്രേക്ക് അപ്പ് വിവരങ്ങൾ നൽകുക. തുടങ്ങിയ വിവരങ്ങളായിരുന്നു.

3. രണ്ടാം എതിർകക്ഷി 28.04.2017 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 22.12.2016 ൽ സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയ്ക്ക് 03.01.2017 ൽ ലഭിച്ച മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് 19.01.2017 ൽ അപ്പീൽ സമർപ്പിക്കുകയും ചെയ്തു. ടി അപ്പീൽ പരിഗണിക്കവേ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കൂടുതൽ വ്യക്തവും വിശദവുമായി മറുപടി നൽകേണ്ടതാണെന്ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ടി അപ്പീൽ 18.02.2017 ൽ തീർപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വ്യക്തമായ മറുപടി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകുകയും ചെയ്തു. എന്നാൽ ടി മറുപടിയും അപ്പീൽ ഹർജിക്കാരന് തൃപ്തികരമല്ലെന്നു കാണിച്ചാണ് കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചത്. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടതു പോലെ പടക്കങ്ങളുടെ ഇനംതിരിച്ചുള്ള വിവരം ഫയലിൽ ലഭ്യമല്ലാതിരുന്നതിനാലാണ് ആയത്

RIGHT TO INFORMATION

നൽകാതിരുന്നതെന്നും എന്നാൽ ടി വിഷയവുമായി ബന്ധപ്പെട്ട് ലഭ്യമായ എല്ലാ വിവരങ്ങളും ടിയാന് നൽകയിട്ടുണ്ടെന്നും മറ്റുമാണ്.

4. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 29.01.2020 ൽ കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരായിരുന്നില്ല.

5. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീലിനും സമയബന്ധിതമായി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുള്ളതായി കമ്മീഷൻ വിലയിരുത്തുന്നു. ടി സാഹചര്യത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 28–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

JN